ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.05.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കമായി. പ്രോടേം സ്പീക്കർ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് എംഎൽഎമാർ. സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ.

**The first session of the newly constituted Keralam Assembly commenced in Thiruvananthapuram today. Pro-tem Speaker G. Sudhakaran administered the oath to the newly elected members. Speaker election will be held tomorrow.**

2) ന്യൂഡൽഹിയിൽ നടക്കാനിരുന്ന നാലാമത് ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി മാറ്റിവെച്ചു. ആഫ്രിക്കൻ മേഖലയിലെ ആരോഗ്യ സാഹചര്യം പരിഗണിച്ചാണ് തീരുമാനം.

**The fourth India-Africa Forum Summit scheduled to be held from 28th to 31st May in New Delhi, has been postponed in view of the evolving health situation in parts of Africa.**

3) പശ്ചിമേഷ്യയിലെ പ്രതിസന്ധിക്കിടയിലും രാജ്യത്ത് പെട്രോൾ, ഡീസൽ, പ്രകൃതിവാതകം എന്നിവയുടെ മതിയായ വിതരണം ഉറ ഷ് വരുത്തിയതായി കേന്ദ്ര സർക്കാർ

**The government today reassured that India has sufficient supplies of crude, petrol, diesel, natural gas, and LPG, with refineries operating at optimum capacity to meet the demand.**

4) ട്രെയിനുകളിലെ തീപിടു ത്തത്തിന് പിന്നിൽ സാമൂഹിക വിരുദ്ധരെന്ന റിപ്പോർട്ടിൻറെ പശ്ചാത്തലത്തിൽ സുരക്ഷ അവലോകന യോഗം ചേർ ന്ന് റെയിൽവേ മ ന്ത്രി അശ്വിനി വൈഷ്ണവ്.

**Union Railways Minister Ashwini Vaishnaw today held a high-level security review meeting in New Delhi with field officers. During the meeting, it was noted that preliminary investigations into several recent fire incidents in trains have revealed the involvement of anti-social elements.**

5) പശ്ചിമ ബംഗാളിലെ മദ്രസകളിൽ വന്ദേമാതരം ആലപിക്കുന്നത് നിർബന്ധമാക്കി സംസ്ഥാന സർക്കാർ.

**West Bengal government directs Vande Mataram compulsory as prayer song in all madrasas**

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സ് പോരാ ട്ടം.

**In IPL Cricket, Gujarat Titan will take on Chennai Super Kings today**

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കമായി. പ്രോടെം സ്പീക്കർ ജി.സുധാകരന് മുന്നിൽ എംഎൽഎ മാർ സത്യപ്രതിജ്ഞ ചെയ്തു.

മുഖ്യമന്ത്രി വി.ഡി സതീശനും, പ്രതിപക്ഷ നേതാവ് പിണറായി വിജയനും, ബിജെപി അംഗം രാജീവ് ചന്ദ്രശേഖറും ഉൾപ്പെടെ കൂടുതൽ എംഎൽഎ മാരും മലയാളത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. മഞ്ചേശ്വരം എംഎൽഎ എ കെ എം അഷറഫ് കന്നഡയിലും, ദേവികുളം അംഗം എഫ്.രാജ തമിഴിലും സത്യപ്രതിജ്ഞ ചെയ്തു. മന്ത്രിമാരായ രമേശ് ചെന്നിത്തല, ഷിബു ബേബി ജോൺ, സണ്ണി ജോസഫ്, കെ മുരളീധരൻ തുടങ്ങിയവർ ഇംഗ്ലീഷിലാണ് സത്യ പ്രതിജ്ഞ ചെയ്തത്.

അക്ഷരമാല ക്രമത്തിലായിരുന്നു സത്യപ്രതിജ്ഞ. സ്പീക്കർ തിരഞ്ഞെടുപ്പ് നിയമസഭയിൽ നാളെ നടക്കും. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് യുഡിഎഫ് സ്പീക്കർ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. എ.സി മൊയ്തീൻ ആണ് എൽഡിഎഫിൻറെ സ്പീക്കർ സ്ഥാനാർത്ഥി. ബിജെപിയുടെ സ്പീക്കർ സ്ഥാനാർത്ഥി ബി.ബി ഗോപകുമാറാണ്. സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം നാളെ പിരിയുന്ന സഭ,

ഗവർണറുടെ നയപ്രഖ്യാപനത്തിനായി ഈ മാസം 29-ന് വീണ്ടും ചേരും. ജൂൺ ഒന്ന് മുതൽ മൂന്നു വരെ നയപ്രഖ്യാപനത്തിന് മേലുള്ള നന്ദി പ്രമേയ ചർച്ചകൾ സഭയിൽ നടക്കും.

*************************

## TN-SWEARING IN

തമിഴ്നാട്ടിൽ 23 മന്ത്രിമാർ കൂടി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു . ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. ടിവികെ യിൽ നിന്ന് 21 പേരും, കോൺഗ്രസിൽ നിന്നുള്ള രണ്ട് പേരുമാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തത്. ഇതോടെ വിജയ്

മന്ത്രിസഭയിലെ മന്ത്രിമാരുടെ എണ്ണം 32 ആയി. ആദ്യഘട്ടത്തിൽ മുഖ്യമന്ത്രി വിജയും, 9 മന്ത്രിമാരുമാണ് സത്യപ്രതിജ്ഞ ചെയ്തത്.

**************************

## INDIA-AFRICA SUMMIT (INTRO)

ന്യൂഡൽഹിയിൽ നടക്കാനിരുന്ന നാലാമത് ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി മാറ്റിവെച്ചതായി വിദേശകാര്യ മന്ത്രാലയം. എബോള രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്ന് എത്തുന്നവർക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയം കർശന ജാഗ്രതാ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചു .

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്)

*ആഫ്രിക്കയിലെ ആരോഗ്യ സാഹചര്യങ്ങൾ കണക്കിലെടുത്താണ്, ഈ മാസം 28 മുതൽ 31 വരെ ന്യൂഡൽഹിയിൽ നടക്കേണ്ടിയിരുന്ന ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി മാറ്റിവെച്ചത്. ആഫ്രിക്കൻ യൂണിയനുമായും, ആഫ്രിക്കൻ യൂണിയൻ കമ്മീഷനുമായും നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. പുതിയ തീയതികൾ പിന്നീട് തീരുമാനിക്കും. ആരോഗ്യ പ്രതിസന്ധിയെ നേരിടാനുള്ള ആഫ്രിക്കൻ ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഇന്ത്യ സന്നദ്ധതയും അറിയിച്ചു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, യുഗാണ്ട, ദക്ഷിണ സുഡാൻ തുടങ്ങി എബോള ജാഗ്രതാനിർദ്ദേശമുള്ള രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെത്തുന്നവർ രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വൈദ്യസഹായം തേടണമെന്ന് ആരോഗ്യ മന്ത്രാലയം നിർദേശിച്ചു. എബോള രോഗിയുമായി നേരിട്ട് സമ്പർക്കം പുലർത്തിയ യാത്രക്കാർ ഇമിഗ്രേഷൻ ക്ലിയറൻസിന് മുമ്പ് ഇക്കാര്യം എയർപോർട്ട് ഹെൽത്ത് ഓഫീസറെയോ ഹെൽത്ത് ഡെസ്കിനെയോ അറിയിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. കോംഗോയിലും യുഗാണ്ടയിലുമായി 130-ലേറെ*

*എബോള മരണങ്ങളും, 600 ലേറെപ്പേർക്ക് രോഗബാധയും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് ആരോഗ്യ മന്ത്രാലയത്തിൻറെ നിർദ്ദേശം.*
*ന്യൂസ് ഡെസ്ക് ആകാശവാണി.*

*************************

## INTER- MINISTERIAL BRIEFING(INTRO)

പശ്ചിമേഷ്യയിലെ പ്രതിസന്ധിക്കിടയിലും രാജ്യത്ത് പെട്രോൾ, ഡീസൽ, പ്രകൃതിവാതകം എന്നിവയുടെ മതിയായ വിതരണം ഉറപ്പ് വരുത്തിയതായി കേന്ദ്ര സർക്കാർ . ഉത്പാദനം വർധിപ്പിച്ചതായും, റിഫൈനറികൾ പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയതല വാർത്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു.

(ഹോൾഡ് )

എല്ലാ പെട്രോൾ പമ്പുകളിലും ഇന്ധന ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾ ആശങ്ക മൂലം ഇന്ധനം വാങ്ങുന്ന രീതി ഒഴിവാക്കണമെന്നും, ശ്രീമതി സുജാത ശർമ അഭ്യർത്ഥിച്ചു.

*************************

## FALTA REPOLL

പശ്ചിമ ബംഗാളിലെ ഫാൽട്ട നിയമസഭാ മണ്ഡലത്തിലെ റീപോളിംഗ് ഇന്ന് നടന്നു. ഇത് വരെയുള്ള കണക്കു പ്രകാരം 87 ശതമാനത്തിലധികം പേർ വോട്ട് രേഖപ്പെടുത്തി. രണ്ട് സ്വതന്ത്രർ ഉൾപ്പെടെ ആറ് സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. ഈ മാസം 24 നാണ് വോട്ടെണ്ണൽ.

*************************

## JITENDRA - UMMID

പാരമ്പര്യമായി ജനിതക വൈകല്യങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള ഉമ്മിദ് നെറ്റ്‌വർക്ക് രാഷ്ട്രത്തിന് സമർപ്പിച്ച് കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ബയോടെക്നോളജി വകുപ്പിൻറെ നേതൃത്വത്തിലുള്ള ദേശീയ സംരംഭമാണിത് . രോഗനിർണയം, പ്രതിരോധം, പരിശീലനം, ബോധവത്കരണം എന്നിവ ഉൾക്കൊള്ളുന്ന സംയോജിത സമീപനമാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് .

**************************

## J P NADDA (INTRO)

ക്ഷയരോഗം ഇല്ലാതാക്കുന്നതിനായി ലോകത്തിലെ തന്നെ ഏറ്റവും വലിയ പരിശോധനയും രോഗനിർണ്ണയ പ്രവർത്തനങ്ങളുമാണ് ഇന്ത്യ നടത്തിവരുന്നതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ. ജനീവയിൽ നടന്ന 79-ാമത് ലോകാരോഗ്യ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.........)

**************************

## REV. VAISHNAW - SECURITY MEETING

അടുത്തിടെ ട്രെയിനുകളിലുണ്ടായ തീപിടുത്തങ്ങൾക്ക് പിന്നിൽ സാമൂഹിക വിരുദ്ധരെന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ടിനെത്തുടർന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ചേർന്നു. വിഷയം അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്ന് വ്യക്തമാക്കിയ റെയിൽവേ മന്ത്രാലയം, അട്ടിമറി ശ്രമങ്ങളിൽ റെയിൽ സുരക്ഷാ സേന അന്വേഷണം നടത്തിവരികയാണെന്നും അറിയിച്ചു. സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, റെയിൽവേ ശൃംഖലയിലുടനീളം സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുക, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനങ്ങൾ

ഏർപ്പെടുത്തുക എന്നിവയെക്കുറിച്ചും യോഗം ചർച്ച ചെയ്യു. യാത്രക്കാർ ജാഗ്രത പുലർത്തണമെന്നും റെയിൽവേ നിർദ്ദേശിച്ചു.

**************************

## REV. VANDE MATARAM WB

പശ്ചിമ ബംഗാളിലെ എല്ലാ മദ്രസകളിലും പ്രഭാത അസംബ്ലിയിൽ വന്ദേമാതരം ആലപിക്കുന്നത് നിർബന്ധമാക്കി സംസ്ഥാന സർക്കാർ. ഉത്തരവ് ഉടൻ നടപ്പാക്കാൻ ഡയറക്ടറേറ്റ് ഓഫ് മദ്രസ എഡ്യൂക്കേഷൻ നിർദേശം നൽകി.

**************************

## EDUCATION – COMMITTEE GUIDELINES

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ
2026, സർക്കാരിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റുകൾ സ്വീകരിക്കാത്ത സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് ബാധകമല്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. എന്നാൽ സുതാര്യത, പങ്കാളിത്ത ഭരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം സ്കൂളുകളിലും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണെന്ന് മന്ത്രാലയം വ്യക്തമാക്കി .

**************************

## GOVT – DOPING ACTIVITY Inbox

കായികരംഗത്തെ ഉത്തേജകമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ ക്രിമിനൽ കുറ്റമാക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങളിൽ പൊതുജനാഭിപ്രായം തേടി കേന്ദ്ര സർക്കാർ. നിരോധിത ഉത്തേജകമരുന്നുകളുടെ കടത്ത്, വിതരണം എന്നിവ നടത്തുന്ന സംഘടിത ശൃംഖലകളെ തടയുകയാണ് ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് യുവജനകാര്യ കായിക മന്ത്രാലയം അറിയിച്ചു. മരുന്ന് കടത്ത്, മാഫിയ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളികളാകാത്ത കായികതാരങ്ങളെ ഉത്തേജകമരുന്ന് പരിശോധനയിൽ പരാജയപ്പെട്ടു എന്ന കാരണത്താൽ മാത്രം ക്രിമിനൽ കുറ്റവാളികളായി കണക്കാക്കില്ല. കായികതാരങ്ങൾ നടത്തുന്ന ഉത്തേജകമരുന്ന്

നിയമലംഘനങ്ങൾ നിലവിലുള്ള ആന്റി-ഡോപ്പിംഗ് ചട്ടങ്ങൾക്ക് കീഴിൽ തന്നെ തുടർന്നും കൈകാര്യം ചെയ്യും.

*************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടുന്നു. ടോസ് നേടിയ ചെന്നൈ ബൗളിങ്ങ് തിരഞ്ഞെടുത്തു.. അഹമ്മദാബാദിലാണ് മത്സരം.

*************************

## KERALA-RAIN

കേരളത്തിൽ ശക്തമായ മഴ തുടരും.

തിരുവനന്തപുരം, മുതൽ, എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ലക്ഷദ്വീപ് തീരത്ത് ഇന്ന് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************

## KAILASH MANSAROVAR YATRA

കൈലാസ് മാനസസരോവർ യാത്രക്കായി നറുക്കെടുപ്പിലൂടെ ആയിരം പേരെ തിരഞ്ഞെടുത്തതായി വിദേശകാര്യ മന്ത്രാലയം . നറുക്കെടുപ്പ് കേന്ദ്ര മന്ത്രി എസ്. ജയശങ്കർ നിർവഹിച്ചു. തിരഞ്ഞെടുക്കപ്പെട്ട യാത്രികർ ലിപുലേഖ്, നാഥു ലാ പാസുകൾ വഴി, 50 യാത്രികർ അടങ്ങുന്ന 20 ബാച്ചുകളിലായാണ് യാത്ര ചെയ്യേണ്ടത് . രണ്ട് റൂട്ടുകളും പൂർണ്ണമായും ഗതാഗത യോഗ്യമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു . ഈ വർഷത്തെ യാത്ര ജൂണിൽ ആരംഭിച്ച് ഓഗസ്റ്റിൽ അവസാനിക്കും.

*************************

## DRI - E CIGAREETES

120 കോടി രൂപയിലധികം രൂപ വിലമതിക്കുന്ന മൂന്ന് ലക്ഷം നിരോധിത ഇ-സിഗരറ്റുകൾ പിടിച്ചെടുത്ത് ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് . മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി, പശ്ചിമ

ബംഗാൾ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിലാണ് ഇവ പിടിച്ചെടുത്തത് . ഇത്തരം നിരോധിത വസ്തുക്കൾ ചൈനയിൽ നിന്നാണ് വരുന്നതെന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചു.

*************************

*******************

*********